**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **26-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ കരാറുകൾ വളരെ കുറഞ്ഞ നിരക്കിൽ ഏറ്റെടുക്കുന്ന മററ് ജില്ലകളിൽ നിന്നുള്ള കരാറുകാർ പ്രവൃത്തികളിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | വകുപ്പിലെ പ്രവൃത്തികളുടെ കരാറുകൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് എതിരെ രേഖാമൂലം ലഭിക്കുന്ന പരാതികൾ പരിശോധിച്ച് കുറ്റക്കാരെന്നു കാണുന്ന കരാറുകാർക്കെതിരെ നടപടി എടുക്കാനായി രജിസ്റ്ററിങ്ങ് അതോറിറ്റിക്കു നിർദ്ദേശം നൽകാറുണ്ട്. |
| (സി) | നിർമ്മാണരംഗത്ത് മുൻപരിചയം ഇല്ലാത്ത ഇത്തരം കരാറുകാരുടെ കാര്യത്തിൽ സൂക്ഷ്മ പരിശോധനയ്ക്കും നടപടിക്കും വകുപ്പ് തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | ഇത്തരം നിർമ്മാണങ്ങളിൽ കരാറുകാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച പരിശോധിച്ച് പൊതുമരാമത്ത് വകുപ്പ് മാന്വൽ, സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്കുമെന്റ് എന്നിവ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ